# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1318 01.07.2015 -ൽ മറുപടിക്ക്**

**പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കൽ**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി K.S.T.P.യെ ഏൽപ്പിച്ചത് എന്നാണ് ; | (എ) | മൂന്ന് ഭാഗങ്ങളായി വികസിപ്പിക്കുന്ന പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ പുനലൂർ - പൊൻകുന്നം ഭാഗം PPP Hybrid Annuity ആയി ആണ് വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗം കെ.എസ്.ടി.പി ഏറ്റെടുത്തിട്ടില്ല. ബാക്കിയുള്ള പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി ഏറ്റെടുത്തത് 28.05.2014 ലും തൊടുപുഴ - മൂവാറ്റുപുഴ ഭാഗം ഏറ്റെടുത്തത് 16.12.2012 ലും ആണ്. |
| (ബി) | പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ഭാഗമാണ് ഇതു വരെ പൂർത്തിയായിട്ടുള്ളത്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; പ്രസ്തുത ഫണ്ട് എവിടെനിന്നുമാണ് ലഭ്യമായിട്ടുള്ളത്; നിർമ്മാണം പൂർത്തിയാക്കിയ വർഷം ഏത്; | (ബി) | പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള 17.83 കി.മീ റോഡ് ലോകബാങ്ക് ധനസഹായത്തോടെ 2007 ൽ പൂർത്തിയാക്കിയിട്ടുണ്ട്. തൊടുപുഴ - മൂവാറ്റുപുഴ റോഡിനും മൂവാറ്റുപുഴ - അങ്കമാലി റോഡിനും കൂടി ആകെ 112.79 കോടി രൂപയാണ് ചെലവായത്. |
| (സി) | ഇപ്പോൾ പ്രസ്തുത റോഡിന്റെ നിർമ്മാണം നടക്കുന്നുണ്ടോ; ഏതു ഭാഗമാണ് നിർമ്മിക്കുന്നത്; എത്ര കിലോമീറ്റർ; ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നത്; | (സി) | ഉണ്ട്; ലോകബാങ്കിന്റെ ധനസഹായത്തോടെ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള 50.22 കി.മീ ഭാഗമാണ് നിർമ്മിക്കുന്നത്. ഇതിനായി ഏകദേശം |

| | | | |
|---|---|---|---|
| | പ്രസ്തുത ഫണ്ട് ഏത് ഏജൻസിയിൽ നിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത് ; | | 227 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് പ്രസ്തുത റോഡ് വികസിപ്പിക്കുന്നത്. |
| (ഡി) | റോഡിന്റെ തുടക്കമായ പുനലൂരിൽ നിന്നും 3 ജില്ലകളിലൂടെ കടന്ന് പൊൻകുന്നം വരെ എത്തുന്ന പ്രസ്തുത റോഡിന്റെ ഭാഗം ഇതേവരെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (ഡി) | ഇതിന്റെ ഡി.പി.ആർ തയ്യാറാക്കി കരാറുകാരെ കണ്ടെത്തുന്നതിനു വേണ്ടി ഇൻവെസ്റ്റർ മീറ്റ് നടത്തുകയുണ്ടായി. കരാറുകാരെ പ്രീക്വാളിഫൈ ചെയ്യുന്നതിനുള്ള RFQ (Request for Qualification) ഡോക്യുമെന്റിന് ലോക ബാങ്കിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. |
| (ഇ) | റോഡിന്റെ വികസനം K.S.T.P ക്ക് കൈമാറിയതു മുതൽ ഈ റോഡിൽ വർഷാ വർഷം കുഴികൾ അടയ്ക്കുന്നതിനു മാത്രമാണ് നാമമാത്രമായി ഫണ്ടനുവദിക്കാറുള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) & (എഫ്) | ടി റോഡ് കെ.എസ്.ടി.പി ഏറ്റെടുത്ത് നവീകരിക്കുന്നതു വരെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡ് ഭാഗത്തെ അറ്റകുറ്റപ്പണി പൊതുമരാമത്ത് റോഡ് വിഭാഗം നടത്തുന്നുണ്ട്. |
| (എഫ്) | കാലവർഷമാകുന്നതോടെ റോഡ് തകരുന്നതുമൂലം ഈ റോഡിലൂടെ വാഹനയാത്ര ദുഷ്കരമാകുന്നതിനാൽ അടിയന്തരമായി ഈ റോഡ് നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ